വിറ്റഴിക്കുന്നതിന് ഡിസ്ട്രസ് പർച്ചേസ് പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ വിപണിക്ക് അനുയോജ്യമായ കയർ ഉൽപ്പാദിപ്പിക്കുന്നതിന് 1/4 എച്ച്.പി. മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത റാട്ടിൽ ആവശ്യമായ പരിശീലനം നൽകി വരുന്നു. കയർ വ്യവസായത്തിൽ സഹകരണ വൽക്കരണത്തിന് കയർ രംഗത്ത് അത്യുൽപ്പാദനശേഷിയുള്ള നൂതന യന്ത്രങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള പദ്ധതിക്കും വിഭാവനം ചെയ്തിട്ടുണ്ട്. എം. ഇ. പി., പി. പി. ഇ. എസ്. എന്നിവ പുനരാരംഭിക്കുക, സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം, കയർ തൊഴിലാളികളുടെ ക്ഷേമനിധി ബോർഡിന് ധനസഹായം, ഗവേഷണ വികസനത്തിനായി നാഷണൽ കയർ റിസേർച്ച് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക, എം.ഡി.എ.-യ്ക്ക് കൂടുതൽ തുക അനുവദിക്കുക എന്നീ ആവശ്യങ്ങൾ കാണിച്ചുകൊണ്ട് മന്ത്രിതലത്തിൽ കേന്ദ്ര ഗവൺമെന്റിനോടാവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇതിനുമാത്രമായി ഒരു പഠനം നടത്തിയിട്ടില്ല. എന്നാൽ കയർ ബോർഡ് നടത്തിയ പഠനത്തിൽ സംസ്ഥാനത്ത് ലഭ്യമായ തൊണ്ടിന്റെ 40 ശതമാനം മാത്രമേ ഇപ്പോൾ വിനിയോഗിക്കപ്പെടുന്നുള്ളു എന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്.

(ഡി ആന്റ് ഇ) ഇറക്കുമതിച്ചുങ്കം ഒഴിവാക്കി താൽക്കാലികമായി, ശ്രീലങ്കയിൽ നിന്നും ചകിരി ഇറക്കുമതി ചെയ്യുവാനുള്ള അനുമതിക്കായി കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(എഫ്) കെട്ടിക്കിടക്കുന്ന കയറും കയറുല്പന്നങ്ങളും വിറ്റഴിക്കുന്നതിന് ഡിസ്ട്രസ് പർച്ചേസ് പദ്ധതി നടപ്പിലാക്കി വരുന്നു.

ഗ്രാമപഞ്ചായത്തുകൾക്ക് കയർ തൊഴിലാളി ക്ഷേമബോർഡ് നൽകുന്ന ധനസഹായം

123 [427] ശ്രീ. ജോർജ് ജെ. മാത്യു:

„ കെ. അച്യുതൻ:

„ തമ്പാനൂർ രവി:

„ കെ. പി. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ തൊഴിലാളികൾ കൂടുതലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് ധനസഹായം നൽകുന്നുണ്ടോ;

(ബി) എങ്കിൽ എന്തിനുവേണ്ടിയാണ് ഈ ധനസഹായം നൽകുന്നത്;

(സി) ഇത് നൽകുന്നത് ഏതെങ്കിലും വ്യവസ്ഥകൾക്ക് വിധേയമായാണോ; എങ്കിൽ വിശദാംശം വ്യക്തമാക്കുക;

(ഡി) ഏതെല്ലാം ഗ്രാമപഞ്ചായത്തുകൾക്കാണ് ഈ ധനസഹായം നൽകുന്നത്;

(ഇ) എന്ത് തുകയാണ് ഓരോ ഗ്രാമപഞ്ചായത്തിനും നൽകുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ആന്റ് ബി) ഇല്ല. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ പരിധിയിൽ വസിക്കുന്ന കയർ തൊഴിലാളികൾക്ക് പ്രത്യേക പദ്ധതിപ്രകാരം അടിസ്ഥാന ശുചിത്വ സംവിധാനം, വീടു വൈദ്യുതീകരണം, ഭവന പുനരുദ്ധാരണം, ശുദ്ധജല വിതരണ പദ്ധതി എന്നിവയ്ക്ക് ധനസഹായം നേരിട്ട് നൽകി വരുന്നു.

(സി) അടിസ്ഥാന ശുചിത്വ സംവിധാനം, വീടു വൈദ്യുതീകരണം, ഭവന പുനരുദ്ധാരണം തുടങ്ങിയ കാര്യങ്ങൾക്ക് സ്വന്തമായി ഭവനമുള്ള ക്ഷേമനിധി അംഗങ്ങൾക്ക് ധനസഹായം നൽകുന്നു. ശുദ്ധജല വിതരണ പദ്ധതിക്കായി കയർ ബോർഡ് കയർ ഗ്രാമങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളതും രൂക്ഷമായ ശുദ്ധജല ദൗർലഭ്യം നേരിടുന്നതുമായ 10 പഞ്ചായത്തുകളിൽ ഒരു പഞ്ചായത്തിൽ 5 കിലോമീറ്റർ ചുറ്റളവിൽ പൈപ്പ്ലൈൻ സ്ഥാപിച്ച് 50 പൊതു ടാപ്പ് സ്ഥാപിക്കുന്നു.

(ഡി ആന്റ് ഇ) കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് നേരിട്ട് ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം നൽകുന്നില്ല. എന്നാൽ ക്ഷേമപ്രവർത്തനങ്ങൾക്കായി ഈ പദ്ധതിയുടെ കീഴിൽ താഴെ പറയുന്ന തുക ചെലവഴിക്കുകയുണ്ടായി.

അടിസ്ഥാന ശുചിത്വ സംവിധാനം	..	66.7	ലക്ഷം രൂപ
വീട് വൈദ്യുതീകരണം	..	80	,,
ഭവന പുനരുദ്ധാരണം	..	50	,,
ശുദ്ധജല വിതരണ പദ്ധതി	..	100	,,

കയർഫെഡിന്റെ വിറ്റുവരവ്

124 [429] ശ്രീ. സി. പി. മുഹമ്മദ്:

,, ടി. യു. രാധാകൃഷ്ണൻ:

,, എം. കെ. പോൾസൺമാസ്റ്റർ:

,, എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ഫെഡിന്റെ വിറ്റുവരവ് ഇപ്പോൾ എത്രയാണ്;

(ബി) ഈ ഗവൺമെന്റ് നിലവിൽ വരുന്നതിന് തൊട്ടു മുൻപിലത്തെ വർഷം കയർഫെഡിന്റെ വിറ്റുവരവ് എത്രയായിരുന്നു;

(സി) കയർഫെഡ് കൂടുതൽ സ്ഥലങ്ങളിൽ ഷോറും തുടങ്ങുന്നതിന് പരിപാടിയുണ്ടോ?

ഉത്തരം

(എ) കയർഫെഡിന്റെ വിറ്റുവരവ് ഇപ്പോൾ 2003-2004-ൽ 1750 ലക്ഷം രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly